# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2911** | 19.06.2014-ൽ മറുപടിയ്ക്ക്

## നഗര റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എ.വാഹീദ്**<br>**" കെ.ശിവദാസൻ നായർ**<br>**" ലൂഡി ലൂയിസ്**<br>**" പി.സി.വിഷ്ണുനാഥ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണം വഴി നേടാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) നഗര റോഡ് വികസന പദ്ധതികളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹന യാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട് പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) ഏത് വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടു കൂടി ബി.ഒ.റ്റി-ആന്വിറ്റി വ്യവസ്ഥയിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | എല്ലാ നഗരങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | നഗര റോഡു വികസന പദ്ധതികളിൽ ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതു കൂടാതെ കൊച്ചി, കൊല്ലം, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കണ്ണൂർ നഗര റോഡു വികസന പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. മേൽപ്പറഞ്ഞ നഗര റോഡു വികസന പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മറ്റ് നഗരങ്ങളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**